# സ്കൂൾ വികസന പദ്ധതി

## .എൻ.യു.പി. സ്കൂൾ നങ്കിസിറ്റി

## 2025-26

# സ്കൂൾ വികസന സമിതി

രക്ഷാധികാരി : മാനേജർ - Sri. Sajeev E.S

ചെയർമാൻ : വാർഡ് മെമ്പർ : ശ്രീ പ്രദീപ് പി ജി

കൺവീനർ : ടീച്ചർ ഇൻ ചാർജ് :അപർണ്ണ കെ എസ്

അംഗങ്ങൾ : പി ടി എ പ്രസിഡണ്ട് : Sri.NISHAD

:എം .പി ടി എ പ്രസിഡണ്ട്: Smt. LEENA KURIAN

:പൂർവ്വവിദ്യർത്ഥി:

:അധ്യാപിക: ശ്രീമതി  കൃഷ്ണ പി രാജു

: സ്കൂൾ ലീഡർ : ARADHYALAKSHMI  M A

# വികസന രൂപരേഖ തയാറാക്കിയത്

**അപർണ്ണ കെ. എസ് - ടീച്ചർ ഇൻ ചാർജ്**

**കൃഷ്ണ പി രാജു -സ്റ്റാഫ് സെക്രട്ടറി**

**അധ്യാപകർ :**

**ആതിര ഇ ആർ**

**മോനിഷ മോഹനൻ**

**രസ്മി രാജേന്ദ്രൻ**

**ഗീതു വിജയൻ**

**ബിന്ദു വി റ്റി**

**സഹായം:**

**നിധിൻ മോഹനൻ : ഓഫീസ് അസിസ്റ്റൻഡ്**

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിൽ ദീർഘ കാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ഭൗതികവും അക്കാദമികവും സാമൂഹികവുമായ ലേഖലകളിലെ വികസനം സാധ്യമാക്കുന്നതിനു സഹായകമായ കർമ്മ പദ്ധതികൾ ഉൾകൊള്ളിച്ചു കൊണ്ടാണ് നമ്മുടെ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ചിട്ടുള്ളത് .ഇവയിൽ അക്കാദമിക മികവിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ വിവിധ സാമൂഹ്യ രാഷ്ട്രീയ - സാംസ്കാരിക സന്നദ്ധ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് .

വിദ്യാലയത്തെയും, വിദ്യാർത്ഥികളെയും, അധ്യാപകരെയും അംഗീകരിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തന പാക്കേജുകൾക്കു രൂപം നൽകിയിട്ടുണ്ട്.

- ഭാഷാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ
- അക്കാദമിക മേഖല, ഓൺലൈൻ പഠനം
- ജൈവ കൃഷിയിടം ,
- കുട്ടി വനം പദ്ധതി , പച്ച പന്തലുകൾ
- ഭൗതിക മേഖലയിലൂന്നിയുള്ള പ്രവർത്തനങ്ങളും, ലൈബ്രറി ശാക്തീകരണം,
- പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ,
- പി.ടി.എ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ സാമൂഹിക മേഖലയിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

- 5 മുതൽ 7  വരെ ഓരോ  ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും  കഴിവിനനുസരിച്ചു നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
- കണക്ക് , സയൻസ്, ഭാഷ, ഐ ടി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം. പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം.
- സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം.
- പാഠ്യേതര  വിഷയങ്ങളിൽ വൈവിധ്യവും  ആർജ്ജവവും വേണം.
- ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്നു ഭാഷകളിലെങ്കിലും ഭാഷ ജ്ഞാനവും ആശയ വിനിമയ ശേഷിയും നേടണം.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുന്നു.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുന്നു.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥ നേടുന്നു.
- വിദ്യാഭ്യാസത്തിന്റെ  ജനാധിപത്യവൽക്കരണം അർത്ഥ പൂർണ്ണമാകുന്നു.
- സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാകുന്നു.
- പൊതു വിദ്യാലയങ്ങളെ പൊതു സമൂഹത്തിന്റെ പിൻബലത്തോടെയും പിന്തുണയോടെയും അർത്ഥപൂർണ്ണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നു.

# അവസ്ഥാ വിശകലനം

- അക്കാദമിക പ്രവർത്തനങ്ങളിൽ  മികച്ച നിലവാരം പുലർത്തുന്നുണ്ട്.
- USS , ക്വിസ് മത്സരങ്ങൾ, GK , പ്രവർത്തി പരിചയം,  കല കായികമത്സരം,  വിവിധ തരം ശില്പശാലകൾ  എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്.
- പഞ്ചായത്ത് കലാ മേളയിലും  കായിക മേളയിലും  പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട് .
- വിദ്യാരംഗം പരിപാടികളിലൂടെ  കുട്ടികളുടെ വിവിധ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള  കൂടുതൽ അവസരങ്ങൾ  നൽകുന്നുണ്ട് .
- ഫീൽഡ് ട്രിപ്പ്, പഠന യാത്ര , ബോധവൽക്കരണ ക്ലാസ്സുകൾ , വിവിധ ദിനാചരണ പ്രവർത്തനങ്ങൾ ,
- ജനകീയ പങ്കാളിത്തത്തോടെയുള്ള  ആഘോഷ പരിപാടികൾ  എന്നിവ നടത്തിവരുന്നു.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • പഠന പിന്തുണ നൽകേണ്ടവരെ ഉയർത്തിക്കൊണ്ടുവരൽ<br>• വായനാ പ്രവർത്തനങ്ങൾ<br>• ക്ലാസ്സ് ലൈബ്രറി<br>• 'അമ്മ ലൈബ്രറി<br>• ലേഖന പരിപോഷണം<br>• സർഗ്ഗവേള ശക്തിപ്പെടുത്തൽ<br>• സർഗ്ഗ ചുവർ<br>• സ്കൂൾ അസംബ്ളി<br>• സ്കൂൾ പത്രം<br>• സ്കൂൾ മാഗസിൻ | • ജൈവ വൈവിധ്യ പാർക്ക്<br>• കുട്ടി വനം പദ്ധതി<br>• ഔഷധോദ്യാനം<br>• പച്ചപ്പന്തൽ | • പി.ടി.എ ശാക്തീകരണം<br>• പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ<br>• കൂട്ടുകാരനൊരു കൈതാങ് |

- പഠന പുരോഗതിക്കായി നിരവധി അക്കാദമിക പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തി വരുന്നുണ്ട് .
- പ്രതിദിനം അസംബ്ലി നടത്തിവരുന്നു .
- ഐ ടി പരിശീലനം, വിവിധയിനം ഐസിടി സാധ്യതകളിലും കൂടുതൽ മികവ് പുലർത്തുന്നുണ്ട് .
- ഭൗതിക സൗകര്യങ്ങളിലെ പരിമിതികൾ പഠനത്തെ സാരമായി ബാധിക്കുന്നുണ്ട് .

1 **മേഖല: സാമൂഹികം** **ഉപ മേഖല : സി പി ടി എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഓരോ കുട്ടിയുടെയും പഠന നിലവാരം രക്ഷിതാക്കളെ ശരിയായ രീതിയിൽ ബോധ്യപ്പെടുത്തുന്നതിന്.<br>• കുട്ടികളുടെ കുടുംബ പശ്ചാത്തലം നേരിട്ടറിയുന്നതിനും കുട്ടി അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കി അതിനു പരിഹാരങ്ങൾ കണ്ടെത്തുന്നതിനും .<br>• രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്ന. | • ഓരോ മാസവും ആദ്യ വാരത്തിൽ സി പി ടി എ സംഘടിപ്പിക്കുന്ന പഠന നിലവാരം ചർച്ച, അടുത്ത മാസത്തേക്കുള്ള മേഖലകൾ, ഐസിടി സാധ്യതകൾ.<br>• പഠനോപകരണങ്ങൾ ചർച്ച.<br>• കുട്ടികളുടെ സൃഷ്ടികൾ പ്രദർശനം, മികച്ച അവതരണം, പഠനോപകരണ നിർമാണം, പ്രദർശനം<br>• രക്ഷിതാക്കളുടെ സർഗാത്മകത കഴിവുകൾ | പ്രതിമാസം | അധ്യാപകർ | |

2 **ഉപമേഖല; പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സമൂഹ പങ്കാളിത്തം ഉറപ്പ് വരുത്തൽ<br>• സ്കൂളുകളുമായുള്ള ബന്ധം പുതുക്കൽ.<br>• അനുഭവം പങ്കിടൽ . | • പൂർവ്വ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സംഗമം.<br>• ദിനാചരണങ്ങൾ, വാർഷികം, മറ്റു അക്കാദമിക പ്രവർത്തനങ്ങൾ എന്നിവയിൽ പൂർവ്വ വിദ്യാർത്ഥികളെ പങ്കാളികളാക്കൽ. | നവംബർ<br>ജൂൺ മാർച്ച് | അധ്യാപകർ | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത ികം |
|---|---|---|---|---|
| • സഹജീവികളോടുള്ള സഹായ മനസ്ഥിതി<br>• കുട്ടികൾക്കിടയിൽ സമ്പാദ്യ ശീലം വളർത്തുക. | • ഓരോ ക്ലാസ്സിലും ഓരോ സമ്പാദ്യപ്പെട്ടി.<br>• സി പി ടി എ യിൽ ബോധവൽക്കരണം<br>• കുട്ടികളെ ബോധവാന്മാരാക്കൽ<br>• അധ്യാപകരും കുട്ടികളും ചേർന്ന് സമ്പാദ്യപ്പെട്ടിയിൽ പണം നിക്ഷേപിക്കൽ.<br>• ക്ലാസ്സ് ലീഡറെ ചുമതലകൾ ഏൽപ്പിക്കാൻ.<br>• വർഷാവസാനം ഓരോ ക്ലാസ്സിലും സ്വരൂപിച്ച പണം എണ്ണിത്തിട്ടപ്പെടുത്തൽ.<br>• ഏറ്റവും കൂടുതൽ സ്വരൂപിച്ച ക്ലാസ്സിനു സമ്മാനം നൽകൽ.<br>• സ്കൂളിലെ നിർദ്ധനനായ കുട്ടിക്ക് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ജനറൽ പി ടി എ യിൽ സ്വരൂപിച്ച | പ്രതിവർഷം | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>രക്ഷിതാക്കൾ | |

4

## ഉപമേഖല : ലൈബ്രറി ശാക്തീകരണം

### ലക്ഷ്യം

- കുട്ടികളുടെയും രക്ഷിതാക്കളുടെയും വായന പരിപോഷിപ്പിക്കുന്നതിന്.
- കുട്ടികളുടെയും രക്ഷിതാക്കളുടെയും  സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന്

# പ്രവർത്തനങ്ങൾ

- പുസ്തക സമാഹരണത്തെ കുറിച്ച് ജനറൽ പി ടി എ യിൽ അവതരണം
- ഓരോ ക്ളാസ്സിലേക്കുമുള്ള ലൈബ്രറി ലൈബ്രറി  പുസ്തകങ്ങൾ വാങ്ങുന്നതിനു ആവശ്യമായ പണം അതാതു ക്ലാസ്സിലെ രക്ഷിതാക്കളുടെ കൈയിൽ നിന്നും ശേഖരിക്കൽ .
- ഏറ്റവും കൂടുതൽ പണം നൽകിയ രക്ഷിതാവിനു സമ്മാനം നൽകൽ.
- ഓരോമാസത്തെയും സി പി ടി എ യിൽ പുസ്തകം കൈമാറുന്നതിന് അവസരം നൽകൽ.
- വായിച്ചപുസ്തകത്തിന്റെ വായനാ കുറിപ്പ് എഴുതൽ
- ഏറ്റവും നല്ല വായനാ കുറിപ്പിന്  പ്രോത്സാഹനം നൽകൽ.
- രക്ഷിതാക്കളുടെ വായനാകുറിപ്പുകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കി വാർഷികത്തിൽ പ്രകാശനം ചെയ്യുന്നു .
- അധ്യാപകർ  സമാഹരിച്ചു പുസ്തകങ്ങൾ കുട്ടികൾക്ക് കൈമാറി വായിക്കുന്നതിനുള്ള അവസരം നൽകുന്നു.വായനാകുറിപ്പ് തയ്യാറാക്കുന്നു , പ്രദർശിപ്പിക്കുന്നു.

| | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| | ജൂൺ<br><br>മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ<br>വിദ്യാർത്ഥിൽ | പി ടി എ |

## മേഖല: അക്കാദമികം
## ഉപമേഖല : ഭാഷശേഷി വികസനം

- ലക്ഷ്യം
- പ്രവർത്തനങ്ങൾ
- കാലം
- ചുമതല
- സാമ്പത്തികം

# ലക്ഷ്യം

1. മുഴുവൻ കുട്ടികൾക്കും മാതൃഭാഷയിൽ വായനക്കും ലേഖനത്തിനുമുള്ള പ്രാവിണ്യം ഉറപ്പാക്കൽ
2. ശ്രേഷ്ഠ ഭാഷ എന്ന നിലയിലും മാതൃ ഭാഷ എന്ന നിലയിലും മലയാള ഭാഷ പഠനത്തിന് പ്രത്യേക പ്രാധാന്യം നൽകൽ
3. ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കലിന് പ്രാധാന്യം നൽകൽ

- കുട്ടികളുടെ നിലവാരം പരിഗണിച്ച് കൊണ്ടുള്ള വായനാ സാമഗ്രകളുടെ ശേഖരണവും നിർമാണവും
- വൈവിധ്യമാർന്ന തന്ത്രങ്ങളിലൂടെ വായനയെ പ്രോത്സാഹിപ്പിക്കൽ അമ്മമാർക്ക് വായനയ്ക്കു അവസരം നൽകൽ
- ചിത്രാശയങ്ങൾ ലഘു വാക്യങ്ങളായി ലിപികൾ തിരിച്ചറിയാതെ വായിക്കുന്നു. എഴുതുന്നു.
- ക്ളാസ് മുറിയിൽ രൂപപ്പെട്ട ആവിഷ്കാര പ്രകടിതരൂപങ്ങളുടെ അവതരണ വേദിയായി സർഗമേളകളെ മാറ്റൽ

A. ഭൗതികാന്തരീക്ഷം സുരക്ഷിതവും സുന്ദരവുമാകണം .
B. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃതമാക്കൽ .
C. ഹരിത ജീവനം എന്ന ആശയം കുട്ടികളിലെത്തിക്കൽ

- പ്രീ ടെസ്റ്റിലൂടെ ഓരോ കുട്ടിയുടെയും പഠന നില പരിശോധിച്ച് വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു.
- പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ
- പഠന പ്രയാസം നേരിടുന്ന കുട്ടികളുടെ രക്ഷകർത്യ യോഗം വിളിച്ചു പദ്ധതി രൂപരേഖ പരിചയപ്പെടുത്തുകയും പഠന പിന്തുണ നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.
- കണ്ടെത്തിയ കുട്ടികൾക്ക് അടിസ്ഥാന ഭാഷാ ശേഷികൾ കൈവരിക്കുന്നതിനായ ദിവസവും അരമണിക്കൂർ സമയം വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് അഭ്യസിപ്പിക്കുന്നു. ഇതിനായി സ്വന്തം ക്ലാസിലേതല്ലാതെ കുട്ടികളെ ദത്തെടുക്കുന്നു.
- അക്ഷര കാർഡുകൾ, അക്ഷര മരങ്ങൾ , പദ കാർഡുകൾ, ഫ്ലാഷ് കാർഡുകൾ, ചിത്രചാർട്ടുകൾ എന്നിങ്ങനെ ഓരോ ക്ലാസ്സിലും, അനുയോജ്യമായ പഠന സാമിഗ്രികളുപയോഗിച്ചു പഠന പ്രവർത്തനങ്ങൾ നടത്തുന്നു.
- നിർദിഷ്ട ഏകകമുപയോഗിച്ചു കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തൽ
- വായനക്കുള്ള സാമിഗ്രികളായ അക്ഷര കാർഡ്, പദ കാർഡ് , ചിത്ര കാർഡ് തുടങ്ങിയവ നിർമിക്കുന്നതിനായി അമ്മമാരുടെ ശില്പശാല നടത്തൽ.
- ക്ലാസ് ലൈബ്രറി : ക്ലാസ് ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ, ബാല സാഹിത്യ മാസികകൾ, യുറീക്ക, കളിക്കുടുക്ക, ഡൈജസ്റ് എന്നിവ സംഘടിപ്പിക്കൽ.കുട്ടികൾക്ക് അനുയോജ്യമായ വായനാ പുസ്തകങ്ങൾ അധ്യാപിക വാങ്ങൽ.
  a. സ്വതന്ത്ര വായനയ്ക്ക് അവസരം നൽകൽ .

  b. വായനാ പുരോഗതി വിലയിരുത്തൽ

**അമ്മ ലൈബ്രറി :-** ക്ലാസ് ലൈബ്രറിയിലേക്ക് അമ്മമാർക്ക് വായിക്കാനുള്ള പുസ്തകങ്ങൾ സമാഹരിക്കുന്നതിനു അമ്മമാരിൽ നിന്ന് സ്പോൺസർ ചെയ്യൽ. ക്ലാസ്സ് ലൈബ്രറിയിൽ സജ്ജമാക്കൽ. ഓരോ മാസത്തെ സി പി ടി എ യിലും പുസ്തകം എടുത്തു വായനക്ക് അവസരം നൽകൽ.

- ലേഖന പരിപോഷണത്തിനായി കുട്ടികൾക്ക് ഒരു തീം നൽകുകയും അതുമായി ബന്ധപ്പെട്ട ചിത്ര രചനക്ക് അവസരം നൽകുകയും ചെയ്യുന്നു. വരച്ച ചിത്രങ്ങളുമായി ബന്ധപ്പെട്ട ലേഖനപ്രവർത്തങ്ങൾ നടത്തുന്നു.
- സർഗ്ഗവേള ശക്തിപെടുത്തൽ: (ആഴ്ചയിൽ അവസാന പിരിയഡിൽ നടക്കുന്ന സർഗ്ഗ വേളയിൽ കുട്ടികളുടെ സർഗാത്മക കഴിവുകൾ അവതരിപ്പിക്കാൻ അവസരം നൽകൽ.)
- ക്ലാസ്സ് മുറിയിലെ മികച്ച രചനകളുടെ അവതരണം.പാഠപുസ്തകത്തിലെ അഭിനയസാധ്യതകൾ നാടകീകരിക്കൽ.

- സർഗ്ഗച്ചുവർ: കുട്ടികളുടെ രചനകൾ പ്രദര്ശിപ്പിക്കുന്നതിനു സ്ഥിര സംവിധാനം ഒരുക്കൽ. കുട്ടികൾ രൂപപ്പെടുത്തിയ സർഗാത്മക സൃഷ്ട്ടികൾ പ്രദര്ശിപ്പിക്കുന്നതിനു രക്ഷിതാക്കൾ കാണുന്നതിന് അവസരം നൽകൽ.
- സ്കൂൾ അസംബ്ളി: ക്ലാസ് തലത്തിൽ അസ്സംബ്ലിയിൽ കുട്ടികൾക്ക് അവതരണത്തിനുള്ള ചുമതല നൽകൽ. പത്ര വായന , കടംകഥ, പഴംഞ്ചൊല്ല്, ഇന്നത്തെ ചിന്താവിഷയം, GK എന്നിവയോടൊപ്പം കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ അവതരണത്തിനുള്ള അവസരം നൽകൽ.
- സ്കൂൾ പത്രം, പതിപ്പുകൾ, : കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ ഉൾപ്പെടുത്തി ഓരോ മാസവും സ്കൂൾ പത്രം ഇറക്കൽ.
- ഓരോ ക്ലാസ്സിലും നടക്കുന്ന പഠന പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട പതിപ്പുകൾ, ചുമർപത്രിക, മറ്റു ഉൽപ്പന്നങ്ങൾ, കഥ , കവിത, ചിത്രം എന്നീ എല്ലാ സ്വതന്ത്ര രചനകളും പ്രദർശിപ്പിച്ചു ശില്പശാല നടത്തൽ.

- <u>സ്കൂൾ  മാഗസിൻ</u> : സ്കൂൾ തലത്തിലെ വിവിധ രചനകൾ, സർഗാത്മക സൃഷ്ടികൾ, സ്കൂൾ തല മികവുകൾ, ഫോട്ടോകൾ എന്നിവ ഉൾപെടുത്തികൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു .

- ജൈവ  വൈവിധ്യ പാർക്ക് .
- സസ്യ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾകാവശ്യമായ പാഠ്യപദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളും കോംബൗണ്ടിൽ .
- കുട്ടിവനം പദ്ധതി:വനത്തിന്റെ ചെറിയൊരു പതിപ്പ് .
- ഔഷധോദ്യാനം :പൂന്തോട്ട നിർമാണം .
- പച്ചപ്പന്തലുകൾ
- ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സസ്യമെങ്കല്ലിലും സ്കൂളിൽ .
- ജൈവ കൃഷിയിടം:വീട്ടിലും സ്കൂളിലും.
- പാഴ്വസ്തുക്കൾ ഉപയോകിച്ച ഹാങ്ങിങ് ഗാർഡൻ .
- പ്ലാസ്റ്റിക് രഹിത വിദ്യാലയം.

## മേഖല :അനുയോജ്യവും ആകർഷവുമായ ഭൗതിക സൗകര്യം

### ഉപമേഖല :ഹരിത പരിസരം

ലക്ഷ്യങ്ങൾ :

- ഭൗതികാന്തരീക്ഷം സുരക്ഷിതവും സുന്ദരവുമാകണം
- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃതമാക്കൽ
- ഹരിത ജീവനം എന്ന ആശയം കുട്ടികളിലെത്തിക്കൽ .

## 1.ജൈവ വൈവിധ്യ പാർക് :

- പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ഔഷത സസ്യങ്ങൾ ശേഖരിക്കുഖകയും ,നട്ട് വളർത്തുകയും സംരക്ഷിക്കുകയും ചെയ്യൽ .
- ഓരോ ഔഷധ സസ്യത്തിന്റെയും വേര് ,ശാസ്ത്രീയ നാമം , ഗുണങ്ങൾ ,ഉപയോഗം എന്നിവ സസ്യങ്ങളിൽ പ്രദര്ശിപ്പിക്കൽ .

ചുമതല :

- ക്ലാസ് അധ്യാപകർ
- കുട്ടികൾ
- രക്ഷകർത്താക്കളുടെ പ്രതിനിധികൾ .

# കുട്ടി വനം പദ്ധതി -വനത്തിന്റെ ഒരു ചെറിയ പതിപ്പ്

- ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സസ്യമെങ്കിലും സ്കൂളിൽ .
- സ്കൂളിന്റെ ഒരു നിശ്ചിത ഭാഗം കുട്ടി വനം തയ്യാറാക്കുന്നതിന് നീക്കിവയ്ക്കൽ.
- പൂന്തോട്ട നിർമാണം : ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ടു ഓരോ കുട്ടികളും അധ്യാപകരും ഓരോ ചെടിയും അതിന്റെ ചെടിച്ചട്ടിയും കൊണ്ടുവന്നു സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു.

ചുമതല :

- എം ടി എ
- കുട്ടികൾ
- പി ടി എ
- അധ്യാപകർ

# പച്ച പന്തലുകൾ :

- സ്കൂൾ പരിസരത്തു കോവയ്ക്ക , പാഷൻ ഫ്രൂട്ട് , അമര, മാർ പയർ , കയ്പ്പക്ക എന്നിവ പന്തൽകെട്ടി പച്ചപ്പന്തലുകൾ നിർമിക്കുന്നു.

ചുമതല ;

- പൂർവ്വ വിദ്യാർത്ഥികൾ
- അധ്യാപകർ
- വിദ്യാർത്ഥികൾ

## ജൈവ കൃഷിയിടം :

- കുട്ടികളുടെ ഉച്ചഭക്ഷണ പരിപാടിക്കായി വിഷരഹിത പച്ചക്കറി ഉപയോഗിക്കുന്നതിനു പഞ്ചായത്തിന്റെ സഹായത്തോടെ, ഗ്രോ ബാഗുകൾ വിത്തുകൾ , ജൈവ വളങ്ങൾ ഉപയോഗിച്ച ജൈവ കൃഷിയിടം സജ്ജമാക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് ജൈവ കൃഷിയുടെ പ്രാധാന്യവും, രാസവളങ്ങൾ ഉപയോഗിക്കുന്നതിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു.

ചുമതല :

- വാർഡ് മെമ്പർ-
- അധ്യാപകർ
- കുട്ടികൾ

# പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിങ് ഗാർഡൻ :-

- ഉപയോഗശൂന്യമായ ബോട്ടിലുകൾ ഉപയോഗിച്ച് സ്കൂളിന്റെ ഇറയത്ത് ഹാങ്ങിങ് ഗാർഡനുകൾ നിർമിക്കുന്നു.

**ചുമതലകൾ :**

- പൂർവ്വ വിദ്യാർത്ഥികൾ
- പി ടി എ
- എം ടി എ

# പ്ലാസ്റ്റിക് രഹിത വിദ്യാലയം :

**ലോക പരിസ്ഥിതി ദിനത്തിൽ പ്ലാസ്റ്റിക് രഹിത വിദ്യാലയമായി സ്കൂളിനെ പ്രഖ്യാപിക്കുകയും അധ്യാപകരും കുട്ടികളും സ്കൂളിലും പരിസര പ്രദേശങ്ങളിലും പ്ലാസ്റ്റിക് സാധനങ്ങൾ ഉപയോഗിക്കില്ല എന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യും. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദൂഷ്യ ഫലങ്ങൾ മനസ്സിലാകുന്നതിനായികുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.**

# ഉപസംഹാരം

വിദ്യാലയത്തിന്റെ വികസനവും അതിലുപരി കുട്ടികൾ ആർജിക്കേണ്ട അടിസ്ഥാന നൈപുണി വികസവനും അവരുടെ ക്ലാസ്സ് അടിസ്ഥാനത്തിൽ നേടേണ്ട പഠന മികവുകളും അതിന്റെ പരമാവധിയിൽ എത്തിക്കുകയാണ് ഇവിടെ ലക്ഷ്യംവെയ്ക്കുന്നത് . സ്കൂൾ വികസന പദ്ധതിയിൽ പങ്കാളികളായി ലക്ഷ്യം നിറവേറ്റുവാൻ എല്ലാവരുടെയും സഹായ സഹകരണം അഭ്യർത്ഥിക്കുന്നു .